കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഇ-മെയിൽ – dopkd.ksad@kerala.gov.in
Phone – 04912520145

www.ksad.kerala.gov.in

# തരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി10/1697/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി – 29.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തരൂർ ഗ്രാമപഞ്ചായത്ത്

സർ,

<u>വിഷയം :</u>
തരൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പി.കെ.ഡി10/1697/2019 തിയതി: 29.01.2020

# പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.1.2019 മുതൽ 17.11.2019തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2019 മുതൽ 27.11.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പി.സരിത. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മുഹമ്മദ്ഹിഷാം.എം. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.മനോജ്കുമാർ | 1.4.18മുതൽ 31.3.19വരെ |
| സെക്രട്ടറി | ശ്രീ.സുബ്രഹ്മണ്യൻ. എസ്. | 1.4.18മുതൽ 31.3.19വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ജ്ജലി ജോർജ്.കെ. | 1.4.18മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ദിലീപ് വർമ്മ.എം. | 1.4.18 മുതൽ 31.5.18വരെ |
| | ശ്രീമതി.വിനീതഅശോകൻ | 1.6.18മുതൽ 30.11.18FN വരെ |
| | ശ്രീമതി.സുരഭി.സി.എസ്. | 30.11.18ANമുതൽ 4.1.19 വരെ |
| | ശ്രീ.ദിലീപ് വർമ്മ.എം | 5.1.19മുതൽ 7.3.19 വരെ |
| | ശ്രീ.അനൂപ് ആനന്ദ് | 8.3.19 മുതൽ 31.3.19 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.വള്ളി ദൈവാനി | 1.4.18മുതൽ 31.3.19 വരെ |
| വി.ഇ.ഒ. I | ശ്രീ.സുരേഷ്.ജി. | 1.4.18 മുതൽ 31.3.18വരെ |
| വി.ഇ.ഒ.II | ശ്രീമതി.എ.വി.ശ്രീവിദ്യ | 1.4.18മുതൽ 31.3.19 വരെ |

| | | |
|---|---|---|
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.വൽസലാ ദേവി | 1.4.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.എം.രാമകൃഷ്ണൻ | 1.4.18മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുരേഷ്ബാബു.എം.ആർ. | 1.4.18മുതൽ 30.7.18വരെ |
| | ഡോ.അഞ്ജലി.ടി.നായർ | 31.7.18മുതൽ 14.12.18 വരെ |
| | ഡോ.സിന്ധു ജോസഫ് | 15.12.18മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസ്സ്, ഹോമിയോ | ഡോ.സുവിമോൾ | 1.4.18മുതൽ 31.3.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീനിവാസൻ | 1.4.18മുതൽ 31.3.19വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പ്രവീൺ.പി.ഐ. | 1.4.18മുതൽ 21.6.18FNവരെ |
| | ശ്രീ.ആറുമുഖൻ.കെ.കെ. (ഇൻചാർജ്) | 21.6.28ANമുതൽ 27.6.18വരെ |
| | ശ്രീ.ലാൽ ടി.കൃഷ്ണൻ | 28.6.18മുതൽ 4.11.18 വരെ |
| | ശ്രീ.ബാഹുലേയൻ.സി.വി. (അഡീഷണൽ ചാർജ്) | 5.11.18മുതൽ 20.11.18 വരെ |
| | ശ്രീമതി.ലത.എം. | 21.11.18മുതൽ 31.3.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഉമൈബ.എം. | 1.4.18മുതൽ 31.3.19 വരെ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

21.03 .18 തീയതിയിലെ. 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3132047.91 |
| വരവ് | 83972339 |
| ആകെ | 87104386.91 |
| ചെലവ് | 82346954 |
| നീക്കിയിരിപ്പ് | 4757432.91 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 19602244 | 19602244 | 19283348 | 318896 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 7945000 | 7945000 | 6260400 | 1394662 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 193000 | 193000 | 100868 | 92132 |
| മെയിന്റനൻസ്, റോഡ് | | 0 | 8188000 | 8188000 | 8160439 | 27561 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3973000 | 3973000 | 3435420 | 537580 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 11261593 | 11261593 | 6770595 | 4490998 |
| ബി.ഫണ്ട് | | 0 | 66720 | 66720 | 66720 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 48421368 | 48421368 | 48421368 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് | 874 | 830316 | 831190 | 826351 | 4839 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി | 575160 | 160000 | 735160 | 309479 | 425681 |
| | ഐ.സി. ഡി.എസ് | 1514878 | 821625(*) | 2336503 | 1251413 | 1085090 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | ശുചിത്വമിഷൻ | 135256 | 1914006 | 2049262 | 0 | 2049262 |
| | സാക്ഷരത | 9135 | 0 | 9135 | 0 | 9135 |
| | വിമുക്തി | 12500 | 25000 | 37500 | 37500 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത്(*) | 455000 | 3281235 | 3736235 | 3311235 | 425000 |
| | ജില്ലാ പഞ്ചായത്ത് | 33264 | 2613801 | 2647065 | 2613801 | 33264 |
| തനത് ഫണ്ട് | യൂണിയൻബാങ്ക് അക്കൗണ്ട് | 1947200 | 7766862 | 9714062 | 7785317 | 1928745 |
| | എസ്.ബി.ടി | 949944.91 | 71916 | 1021860.91 | 72742 | 949118.91 |
| | ട്രഷറി അക്കൗണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | -24260 | 19601078 | 19576818 | 17881042 | 1695776 |

(*1) എസ്.സി.പി. ചെലവ് 260400 രൂപ മാത്രമാണ്. ACR പ്രകാരം 6550338 രൂപ തെറ്റായി ചെലവ് കാണിച്ചിട്ടുണ്ട്.
(*2) വാർഷിക ധനകാര്യപത്രിക ബ്ലോക്ക് പഞ്ചായത്ത് വരവ് 3838362 രൂപയാണ്. യഥാർത്ഥവരവ് 3281235 രൂപ മാത്രമാണ്. വ്യത്യാസമുള്ള 557127 രൂപ ജി.പി.എഫ് തുക ഹെഡ് മാറി അക്കൗണ്ട് ചെയ്യപ്പെട്ടതാണ്. യഥാർത്ഥ നീക്കിയിരിപ്പ് തുക 425000 ആണ്. ആയത് ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 114630365 | 139 | 62401457 | --- | 58 | 70.56 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 18164500 | 8046180 | 44.30 |
| വി.ഇ.ഒ | 12 | 9 | 40695056 | 18357289 | 45.11 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 4737550 | 4051097 | 85.513 |
| സെക്രട്ടറി | 28 | 21 | 6842940 | 4630791 | 67.67 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 3 | 1518554 | 513951 | 33.84 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 130 | 87 | 34572265 | 21295604 | 61.60 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 515000 | 513755 | 99.76 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 1000000 | 1000000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 3520000 | 1355000 | 38.49 |
| എച്ച്.എം | 5 | 3 | 1882500 | 1455790 | 77.33 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1082000 | 1082000 | 100 |
| ആകെ | 197 | 139 | 114630365 | 62401457 | 54.44 |

# 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66720 | 72 |
| കർഷക തൊഴിലാളി പെൻഷൻ | 9588400 | 831 |
| വിധവാ പെൻഷൻ | 12911700 | 1088 |
| വാർദ്ധക്യകാല പെൻഷൻ | 20948900 | 1893 |
| വികലാംഗ പെൻഷൻ | 4409600 | 356 |
| അവിവാഹിത പെൻഷൻ | 715700 | 58 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹. 5675/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.10.19 | 1.09.2019 മുതൽ 30.09.2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.2018 മുതൽ 20.12.2018 വരെ | 2013-14 മുതൽ 2017-18 വരെ | 21.01.19 എൽ.ബി(എ)എച്ച്.ക്യൂ .III/1/8(A)/164/18-19 തീയതി 18.01.19 |

# 1-9 വാർഷികകണക്കുകളിലെ

# അപാകതകൾ

വാർഷിക കണക്കുകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടില്ലാത്ത താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. സാംഖ്യ -എ.സി.ആർ പ്രകാരം വികസനഫണ്ട് എസ്.സി.പിയിൽ നിന്നുള്ള ആകെ ചെലവ് 6550338 രൂപയാണ്. എന്നാൽ R&P പത്രിക പ്രകാരം 6260400 രൂപ മാത്രമാണ് ചെലവ് കാണിച്ചിരിക്കുന്നത്. 289938 രൂപയുടെ അധിക ചെലവ് എ.സി.ആർ ൽ ബുക്ക് ചെയ്തത് ക്രമീകരിച്ചിട്ടില്ല. തുക അസിസ്റ്റന്റ് എഞ്ചിനീയർ നിർവിവഹണോദ്യോഗസ്ഥനായ പദ്ധതിക്കായി 2019-20 വർഷമാണ് ചെലവ് ചെയ്തിരിക്കുന്നത്.
2. ഐ.സി.ഡി.എസ് ന്റെ കേന്ദ്ര ഫണ്ട് വരവിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളതിനേക്കാൾ 68200 രൂപയുടെ അധികം വരവുണ്ടായിട്ടുണ്ട്. 27.03.2019 ൽ ഈ തുക വരവ് വച്ചിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
3. വാർഷിക ധനകാര്യ പത്രിക ബ്ലോക്ക് പഞ്ചായത്ത് വരവ് 3838362 രൂപയാണ്. യഥാർത്ഥ വരവ് 3281235 രൂപ മാത്രമാണ്. വ്യത്യാസമുള്ള 557127 രൂപ ജി.പി.എഫ് തുക ഹെഡ് മാറി അക്കൗണ്ട് ചെയ്യപ്പെട്ടതാണ്. യഥാർത്ഥ നീക്കിയിരിപ്പ് തുക 425000 ആണ്. ആയത് ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

2018-19 സാമ്പത്തിക വർഷത്തേക്കായി ആകെ 222 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസിന് അപേക്ഷ സമർപ്പിച്ച് ലൈസൻസ് എടുത്തിട്ടുണ്ട്. 33450 രൂപയാണ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുളത്. മുൻ വർഷത്തിലും 222 അപേക്ഷകൾ ലഭിച്ചിരുന്നതാണ്.2018-19 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തേക്കാൾ ലൈസൻസ് അപേക്ഷകരുടെ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർധനവ് വന്നിട്ടില്ല.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>പുതുക്കിയ ചട്ടപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല.</u>

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്.

| ക്രമ നം. | വ്യവസായ സ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

എന്നാൽ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്തിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ ഫീസ് ഈടാക്കിയുട്ടുള്ളത് പുതുക്കിയ ചട്ടപ്രകാരമല്ല. പുതുക്കിയ ചട്ട പ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ -പട്ടിക 1 ൽ ഉൾപ്പെട്ട ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണെങ്കിലും പട്ടിക 1 ൽ ഉൾപ്പെട്ട കള്ള് ഷാപ്പുകൾ (ക്രമ നമ്പർ 139), കല്ല്യാണ മണ്ഡപങ്ങൾ, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.
3. ചിറക്കോട് ക്ഷീരോത്പാദന സഹകരണ സംഘം, മരുതക്കോട് ക്ഷീരോത്പാദന സഹകരണ സംഘം എന്നിവ 2018-19 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/22.11.2019) ലൈസൻസ് ഭേദഗതി ചട്ട പ്രകാരം നിശ്ചയിക്കാവുന്ന പരമാവധി ഫീസ് പ്രകാരമാണ് നിലവിൽ ഫീസ് ഈടാക്കി വരുന്നത്, ക്രമ നമ്പർ 2 ൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ക്ഷിരോത്പാദന സഹകണ സംഘങ്ങളിൽ നിന്നും തുടർ വർഷങ്ങളിൽ എടുപ്പിക്കുന്നതാണ് എന്നുമാണ് ഗ്രാമ

പഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. അപാകതകൾ എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

# 1-11 തൊഴിൽനികുതി പിരിവ്-അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ തൊഴിലിലേർപ്പെട്ടു വന്ന ബാധകമായ മുഴുവൻ പേരിൽ നിന്നും തൊഴിൽനികുതി (ജീവനക്കാർ) ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കാനറ ബാങ്ക്, പഴമ്പാലക്കോട്-ലെ ജീവനക്കാരുടെ തൊഴിൽനികുതി(ജീവനക്കാർ) 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലും ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി (രണ്ട് അർദ്ധ വർഷങ്ങളിലേതും) ഈടാക്കിയിട്ടില്ല.
2. തരൂർ പോസ്റ്റ് ഓഫീസ്,സബ് പോസ്റ്റ് ഓഫീസ് പഴമ്പാലക്കോട് എന്നിവയിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
3. പഴമ്പാലക്കോട് സർവീസ് സഹകരണ ബാങ്ക്, ബി.എസ്.എൻ.എൽ എന്നിവയിൽ നിന്നും ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽനികുതി (അർദ്ധ വർഷത്തെ 1250 രൂപ വീതം) ഈടാക്കിയിട്ടില്ല.
4. സി.എച്ച്.സി പഴമ്പാലക്കോട്-ലെ NHM സ്റ്റാഫിൽ നിന്നും ഒന്നാം അർദ്ധ വർഷത്തെ തൊഴിൽനികുതി ചുവടെ ചേർക്കുന്ന പ്രകാരം കുറവാണ് ഈടാക്കിയിട്ടുള്ളത്.

| ജീവനക്കാരന്റെ പേര് തസ്തിക | സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി പത്രിക പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽനികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| രാധിക. വി സ്റ്റാഫ് ഹെൽത്ത് നഴ്സ് | 109730 | 750 | 1000 | 250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) ക്രമ നമ്പർ 1 ൽ പരാമർശിച്ച സ്ഥാപനം കാനറ ബാങ്കിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഇരു വർഷങ്ങളിലേതും അടവാക്കിയിട്ടില്ല. സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ്, ക്രമ നമ്പർ 2,3 പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ്,ക്രമ നമ്പർ 4 പ്രകാരം കുറവായി ഈടാക്കിയ തൊഴിൽ നികുതി ജീവനക്കാരനിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണ് എന്നുമാണ് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-12 വസ്തു നികുതി നിർണ്ണയം -കെട്ടിടത്തിന്റെ തരം തെറ്റായിചേർത്തിരിക്കുന്നു

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ച വിവിധ സ്ഥാപനങ്ങൾക്ക്/കെട്ടിടങ്ങൾക്ക് അവയുടെ യഥാർത്ഥ ഉപയോഗ ക്രമത്തിൽ നിന്നും വ്യത്യസ്തമായിട്ടാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് വസ്തു നികുതി സംബന്ധിച്ച സഞ്ചയ രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തി.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വസ്തു നികുതി നിർണ്ണയിച്ച തരം | ചതുരശ്ര മീറ്ററിന് ബാധകമായ നികുതി | ലൈസൻസ് അപേക്ഷ പ്രകാരം യഥാർത്ഥ ഉപയോഗ ക്രമം | യഥാർത്ഥത്തിൽചതുരശ്ര മീറ്ററിന് ബാധകമായ നികുതി |
|---|---|---|---|---|
| 10/138 | വ്യവസായ ആവശ്യങ്ങൾക്ക് കൈത്തറി ഷെഡ്, കയർപിരി ഷെഡ് തുടങ്ങിയ | 10 രൂപ | ഇതര വ്യവസായം | 50 രൂപ |
| 6/100 | ടി- | 10 രൂപ | ടി- | 50 രൂപ |
| 8/254 | ടി- | 10 രൂപ | ടി- | 50 രൂപ |
| 10/466 | ടി- | 10 രൂപ | ടി- | 50 രൂപ |
| 7/296 | ടി- | 10 രൂപ | ടി- | 50 രൂപ |
| 9/151 | ടി- | 10 രൂപ | ടി- | 50 രൂപ |
| 15/453 | ടി- | 10 രൂപ | ടി- | 50 രൂപ |
| 1/268 | ടി- | 10 രൂപ | ടി- | 50 രൂപ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം. (15/25.11.2019) തൻവർഷം ഓഡിറ്റ് നിർദ്ദേശ പ്രകാരം യഥാർത്ഥ ഉപയോഗക്രമമനുസരിച്ച് വസ്തുനികുതി പുനർ നിർണയിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.ടി കെട്ടിടങ്ങൾക്ക് പഴയനികുതി വളരെ കുറവായതിനാൽ 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിചട്ടം, ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (സ.ഉ.(എം.എസ്) 358/15 ത സ്വ ഭ വ പ്രകാരം എന്നിവ പ്രകാരം പുനർ നിർണയിക്കുമ്പോൾ വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന് നഷ്ടം വന്നിട്ടില്ല

വസ്തുനികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കപ്പെടാത്തത് അംഗീകരിക്കാവുന്നതല്ല. ഇത്തരത്തിലുള്ള മുഴുവൻ അപാകതകളും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 വെള്ളക്കരം കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ആകെ 10 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട് ഇവ മുഴുവനും ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്നതാണ്. പ്രസ്തുത കുടിവെള്ള പദ്ധതികളിൽ ആകെ 1178 ഗാർഹിക കണക്ഷനുകളാണുള്ളത് പ്രതിമാസം 50 രൂപയാണ് വെള്ളക്കരം നിശ്ചയിച്ച് ഈടാക്കി വരുന്നത്. കുടിവെള്ളപദ്ധതികൾക്കായി 2018-19വർഷം ചുവടെ ചേർക്കുന്ന പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| വൈദ്യുതി ചാർജ് | 1106268 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 462900 |
| മെയിന്റനൻസ് ചെലവുകൾ | 292823 |
| ആകെ | 1861991 |

എന്നാൽ 2018-2019 വർഷത്തിലെ വെള്ളക്കരം ഇനത്തിലുള്ള തൻവർഷത്തെ വരവ് ചുവടെ ചേർത്ത പ്രകാരം 324807/- രൂപ മാത്രമാണ്. വരവ് ചെലവ് ഇനത്തിൽ 1537184/- രൂപയുടെ (1861991-324807) അന്തരം നിലനിൽക്കുന്നുണ്ട്. 2018-19 വാർഷിക കണക്കുകൾ, വെള്ളക്കരം രജിസ്റ്ററിലെ വിവരങ്ങൾ എന്നിവ പ്രകാരം വെള്ളക്കരം ഇനത്തിൽ വലിയ തുക ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വെള്ളക്കരം ഇനത്തിൽ നിലനിൽക്കുന്ന ആകെ കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|
| 2018-2019 | 679000 | 324807 | 354193 |
| മുൻവർഷങ്ങളിലേത് | 1024285 | 109040 | 915245 |
| | | | |

| | | | |
|---|---|---|---|
| ആകെ കുടിശ്ശിക | | | 1269438 |

ആകെ കുടിശ്ശിക 1269438രൂപയാണ്.

വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/20.11.2019) കുടിവെള്ളക്കരം കുടിശ്ശികയുള്ളവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കുടിശ്ശിക തുക കൃത്യമായി പിരിക്കുന്നതിനും മീറ്റർ റീഡിംഗ് നടത്തുന്നതിനും ജീവനക്കാരനെ താത്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ഈ വർഷം തന്നെ പരമാവധി കുടിശ്ശിക തുക പിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. കുടിവെള്ള പദ്ധതികൾ വവ് ചെലവുകൾ തമ്മിലുള്ള അന്തരം വർധിച്ചുവരുന്നത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി തീരുന്ന സാഹചര്യമാണുണ്ടാക്കുന്നത്. കുടിശ്ശിക തുക പിരിച്ചെടുക്കാൻ വേണ്ട നടപടികൾ ഫലപ്രദമായി സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്ക് ആവശ്യമെങ്കിൽ കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ഉല്പാദനമേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ

തനതു കാർഷിക സവിശേഷതകൾ നിറഞ്ഞ ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ കാൽഭാഗവും സ്വാഭാവിക വനഭൂമിയാണ്. ഗായത്രിപ്പുഴയുടെ സാന്നിധ്യം കൊണ്ടും ജൈവവൈവിധ്യങ്ങളാൽ സമ്പുഷ്ടമാണ് ഈ മേഖല. ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയും അനുബന്ധ മേഖലകളും ആണ്. ഉല്പാദന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും മേഖലയുടെ സമഗ്ര വികസനത്തിനും സ്വയംപര്യാപ്തതയ്ക്കും ഉതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും, ആയവ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

<u>ഗ്രാമപഞ്ചായത്തിലെ ഉല്പാദനമേഖല - അടിസ്ഥാന വിവരങ്ങൾ</u>

ആകെ 3426.50 ഹെക്ടർ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിന്റെ 952 ഹെക്ടർ വനഭൂമിയാണ്. 5 ചെറുനീർത്തടങ്ങളായി വിഭജിക്കപ്പെടുന്ന ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ് ഭാരതപ്പുഴയുടെ പോഷകനദിയായ ഗായത്രിപ്പുഴയാണ്. 2023 ഹെക്ടർ സ്ഥലവും കൃഷിയോഗ്യമാണ്. നെല്ല്, തെങ്ങ് , വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കശുമാവ്, റബ്ബർ തുടങ്ങിയ കൃഷികൾ ചെയ്തു വരുന്നുണ്ടെങ്കിലും പ്രധാനമായും നെൽകൃഷിയാണ്. നിലവിൽ 580 ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നു. 22 പാടശേഖരസമിതികളിലായി 1530 നെൽകർഷകർ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നെൽകൃഷിക്ക് അനുയോജ്യമായ 6.92 ഹെക്ടർ സ്ഥലം തരിശുഭൂമിയായി കിടക്കുന്നു. നാല് ക്ഷീരസംഘങ്ങളിലായി 454 ക്ഷീരകർഷകരും ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

<u>ഫണ്ട് വിനിയോഗം</u>

കൃഷി ഓഫീസർ, വെറ്ററിനറി സർജ്ജൻ, ക്ഷീര വികസന ഓഫീസർ എന്നിവരാണ് മേഖലയിൽ സുപ്രധാന പ്രോജക്ടുകൾ നടപ്പിലാക്കിയിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം വികസന ഫണ്ടിന്റെ കുറഞ്ഞത് 30 % എങ്കിലും ഉല്പാദനമേഖലയ്ക്കായി വകയിരുത്തണമെന്ന് നിർദ്ദേശമുണ്ടെങ്കിലും ആകെ 26.8 %

മാത്രമാണ് ഈ മേഖലയിൽ വകയിരുത്തിയിട്ടുള്ളത്. 7444100 രൂപ അടങ്കൽ വച്ചെങ്കിലും 6652980 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. മൂന്ന് നിർവ്വഹണോദ്യോഗസ്ഥർ ചേർന്ന 8 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യാഗസ്ഥർ ഉല്പാദന മേഖലയിലെ അടിസ്ഥാന സൗകര്യ വികസത്തിനായി 5 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും 2 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ

1. കൃഷി

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| ഉഴവുകൂലി (സമൃദ്ധി) | 16800000 | 7333200 |
| പച്ചക്കറി കൃഷി കൂലി ചെലവ് സബ്സിഡി | 75000 | 37500 |
| നെൽവിത്ത് വിതരണം | 1200000 | 600000 |
| ജൈവ വൈവിധ്യ രജിസ്റ്റർ | 44500 | 30480 |
| കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും | 45000 | 45000 |

13ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് ഉഴവുകൂലി സബ്സിഡി ആയി ഒരു സീസണിൽ മാത്രം ഹെക്ടറിന് 17000 രൂപ നൽകാവുന്നതാണ്. നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ 560 ഹെക്ടർ കൃഷിഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി 22 പാടശേഖരസമിതികളിലായി രജിസ്റ്റർ ചെയ്ത 1440 കർഷകർക്ക് ഹെക്ടറിന് 15000 രൂപ വീതം ഉഴവുകൂലി സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ആകെ വകയിരുത്തിയ തുക 16800000 രൂപയാണ്. പദ്ധതി വിഹിതം - 4200000, ജില്ലാ പഞ്ചായത്ത് വിഹിതം - 2800000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1400000 രൂപയും വകയിരുത്തിയെങ്കിലും ജില്ലാ പഞ്ചായത്ത് വിഹിതമായി 1733200 രൂപ (ഹെക്ടറിന് 3095 രൂപ ) മാത്രമേ ലഭ്യമായിട്ടുള്ളൂ.

കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുമ്പ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവ സമാഹരണം ഉറപ്പിക്കുന്നതിനായി സ്ഥാപന മേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതും സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. കൂടാതെ ജി.ഒ.(പി). നം100/2018 ഫിൻ തീയതി 3.07.18 പ്രകാരം സംയുക്ത പ്രേജക്ടുകൾക്കായി രൂപീകരിച്ചിരിക്കുന്ന ജോയിന്റ് വെൻചർ അക്കൗണ്ടിലേക്ക് 2018 സെപ്റ്റംബർ 30 നകം ഒറ്റ ഇൻസ്റ്റാൾമെന്റായി മറ്റ് തദ്ദേശ സ്ഥാപനങ്ങൾ വകയിരുത്തിയ തുക മുഴുവനായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. മുഴുവൻ തുകയും ലഭ്യമാകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2 . വെറ്ററിനറി സർജൻ

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| കറവപ്പശു വളർത്തൽ (ജനറൽ) | 1720000 | 760000 |
| കറവപ്പശു വളർത്തൽ (എസ്.സി) | 1800000 | 595000 |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി കറവപ്പശു വളർത്തൽ (ജനറൽ, എസ്.സി) വിഭാഗത്തിലായി 2 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. ജനറൽ വിഭാഗത്തിൽ 43 പേർക്കും എസ്.സി വിഭാഗത്തിൽ പെട്ട 36 പേർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ജനറൽ വിഭാഗത്തിൽ 38 പേർക്കും എസ്.സി. വിഭാഗത്തിൽ 17 പേർക്കും മാത്രമാണ് നൽകിയിയിട്ടുള്ളത്. കർഷകർ ഗുണഭോക്തൃവിഹിതം അടയ്ക്കുന്നതിന് വിമുഖത കാണിക്കുന്നതിനാലാണ് പദ്ധതി പൂർണ്ണമായുംനടപ്പിലാക്കാൻ കഴിയാത്തത് എന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. കന്നുകുട്ടിപരിപാലനപദ്ധതി വകുപ്പ് മുഖേനയും മരുന്ന് വിതരണം 2019-20 വർഷവും

നടപ്പിലാക്കുന്നതായും അറിയിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ പ്രകാരം കുണ്ടുകാട് സെന്ററിൽ മൃഗാശുപത്രി- സബ്സെന്റർ സ്ഥാപിക്കൽ പദ്ധതിക്കായി ആവശ്യങ്ങൾ ഉയർന്നിട്ടുണ്ടെങ്കിലും നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല. മൃഗസംരക്ഷണമേഖലയുടെ സമഗ്രവികസനത്തിനും പാൽ, മുട്ട, മാംസം ഇവയുടെ ഉല്പാദനവർദ്ധനവ് ലക്ഷ്യമിട്ടും കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

3. ക്ഷീരവികസനഓഫീസർ

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| മിൽക്ക് സബ്സിഡി | 1082000 | 1082000 |

ക്ഷീര സംഘങ്ങളിൽ നൽകുന്ന പാലിന് പരമാവധി 4 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി ലക്ഷ്യം. സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നൽകാവുന്നതാണ്. എന്നാൽ 3 ക്ഷീരസംഘങ്ങൾക്ക് ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ ,ആഗസ്റ്റ് മാസങ്ങളിൽ 3 രൂപ പ്രകാരംസബ്സിഡി നൽകുന്നതിനേ കഴിഞ്ഞിട്ടുള്ളൂ. ക്ഷീരകർഷകർക്ക് നൽകാവുന്ന പരമാവധി തുക വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

4. അസിസ്റ്റന്റ് എഞ്ചിനീയർ

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| തരൂർ കൃഷിഭവൻ നവീകരണം | 100000 | 94160 |
| മണ്ണത്ത് പറമ്പ് കുളം സൈഡ് കെട്ടൽ | 200000 | 192364 |
| രാമത്ത് കുളം പാടശേഖരം തടയണ റിപ്പയർ | 50000 | 0 |
| നെല്ലിക്കാട് കിണർ സംരക്ഷണം | 150000 | 0 |
| കുളക്കാട് ഗായത്രിപ്പുഴ റോഡ് സൈഡ് കെട്ടൽ | 260000 | 0 |

വിത്ത്, വളം സംഭരണ കേന്ദ്രം നവീകരണം പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലും മതിയായ ഭൗതിക സൗകര്യങ്ങൾ ഇപ്പോഴുംഇല്ല എന്നും കൃഷിയാവശ്യത്തിന് നിലവിലുള്ള ജലസേചന സൗകര്യങ്ങൾ അപര്യാപ്തമാണെന്നും ജലസേചനതോടുകൾ, കുളങ്ങൾ, കനാലുകൾ തടയണകൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് പദ്ധതികൾ ഇല്ലെന്നും മറ്റ് അടിസ്ഥാനസൗകര്യങ്ങളുടെ പോരായ്മ നിലനിൽക്കുന്നതായും കൃഷി ഓഫീസർ അറിയിച്ചു.

കൃഷി ഓഫീസർ, ക്ഷീര വികസന ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർക്ക് 5/21.11.19, 19/26.11.19, 6/21.11.19, 22/27.11.19 എന്നീ ഓഡിറ്റ് അന്വേഷണങ്ങൾ നൽകുകയും യഥാസമയം മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ നിശ്ചിത കാലയളവിനുള്ളിൽ കാർഷികമേഖലയിലെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തോടെ ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഹരിത കേരള മിഷൻ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ച് കൊണ്ട് നീർത്തടപരിപാലന സമീപനത്തോടു കൂടിയാവണം കാർഷികമേഖലയിലെ പദ്ധതികൾ.

2. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും നെൽക്കർഷകർക്ക് പരമാവധി സബ്സിഡി തുക നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

3. തരിശായിക്കിടക്കുന്ന നെൽവയലുകളുടെ വിവരം തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രാദേശിക നിരീക്ഷണസമിതിയുടെ ശ്രദ്ധയിൽക്കൊണ്ടു വരേണ്ടതും തരിശുഭൂമിയിൽ പാട്ടകൃഷി ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്. മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനോടൊപ്പം ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമായ പുരയിടങ്ങളും തരിശുനിലങ്ങളും മാലിന്യരഹിതമാക്കാനും കാർഷികാഭിമുഖ്യമുള്ള ഒരു സമൂഹം രൂപപ്പെടുത്താനുമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഭൂവുടമകളുമായി ചർച്ച ചെയ്ത് നാമമാത്രമായ പാട്ടം നിശ്ചയിച്ച് വ്യവസ്ഥകൾ തയ്യാറാക്കേണ്ടതാണ്. ഭൂഉടമ കൃഷി ചെയ്യാൻ അനുവദിക്കുന്നത് തദ്ദേശഭരണസ്ഥാപനത്തിനെ ആയിരിക്കണം.

4. കേരള കാർഷിക സർവ്വകലാശാലയുടെ മാതൃകാ കാർഷിക പ്രവർത്തനങ്ങളുമായി ഗ്രാമപഞ്ചായത്തിനെ ബന്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. കൃഷി വിജ്ഞാൻ കേന്ദ്രയുടെയോ സീഡ് ഫാമുകളുടെയോ സഹായത്തോടെ കാർഷിക നാട്ടറിവുകളും പരമ്പരാഗത കാർഷിക ഉപകരണങ്ങളും സംരക്ഷിക്കുന്നതിന് ശ്രമിക്കാവുന്നതാണ്.

5. കൃഷി ഓഫീസിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതു വഴി സേവനപ്രദാനസൗകര്യങ്ങൾ കൂടുതൽ ഗുണമേന്മയുള്ളതാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6. മൃഗസംരക്ഷണ മേഖലയിലും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. മൃഗാശുപത്രി വഴിയുള്ള സേവനം പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ മുഴുവൻ കർഷകർക്കും പ്രയോജനപ്പെടുത്തുന്നതിനും വെറ്ററിനറി സബ്സെന്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

# 1-15 ജൈവവൈവിധ്യപരിപാലന സമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്

2002 ലെ കേന്ദ്ര ജൈവവൈവിധ്യ ആക്ട്, വകുപ്പ് 41(1), സംസ്ഥാനസർക്കാരിന്റെ ജൈവവൈവിധ്യ നിയമങ്ങൾ 2008, വകുപ്പ് (20), എന്നിവ പ്രകാരം സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തും അവരുടെ പരിധിയിൽ ഒരു ജൈവ വൈവിധ്യ പരിപാലനസമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള ജൈവ വൈവിധ്യ പരിപാലനസമിതിക്ക് (B M C) ജൈവ വൈവിധ്യ സംരക്ഷണം, ജൈവ വൈവിധ്യങ്ങളുടെ സുസ്ഥിരോപയോഗം, അവയുമായി ബന്ധപ്പെട്ട അറിവിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങൾ പങ്കുവെക്കൽ ഇവ ഉറപ്പാക്കുന്നതിനും ഒരു പ്രാദേശിക പരിസ്ഥിതി കാവൽ സംഘമായി പ്രവർത്തിക്കുന്നതിനും കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

ബി.എം.സിയുടെ പ്രധാന കർത്തവ്യമായ ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പ്രവൃത്തി പദ്ധതി നം 137/19 പ്രകാരം കൃഷി ഓഫീസർ

നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 125000 രൂപ ചെലവിട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ സമിതി പ്രവർത്തിക്കുന്നതിന്റെ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. സമിതിയിലെ അംഗങ്ങളുടെ വിവരം, യോഗങ്ങൾ ചേർന്നതിന്റെ വിവരങ്ങൾ തുടങ്ങിയവയും ലഭ്യമായിട്ടില്ല.

പരിസ്ഥിതിയുടെയും പ്രകൃതിയുടെയും സംരക്ഷണം പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രമുഖ ലക്ഷ്യങ്ങളിലൊന്നാണ്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസനമിഷനുകളുടെ പൊതുലക്ഷ്യങ്ങളിലും പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിരമായ പരിപാലനവും ഉൾപ്പെടുന്നു. പരിസ്ഥിതി വകുപ്പിന്റെ 13.05.2013 ലെ 4/13 ഉത്തരവ് പ്രകാരം പ്രാദേശികതലത്തിൽ പരിസ്ഥിതിശോഷണം ഒഴിവാക്കുന്നതിന് ബി.എം.സി ഒരു പ്രാദേശിക പരിസ്ഥിതി കാവൽസംഘമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഒരു പ്രധാനഭാഗം വനഭൂമിയായതിനാലും ഗ്രാമപഞ്ചായത്തിലൂടെ ഗായത്രിപ്പുഴ ഒഴുകുന്നതിനാലും ഇത്തരത്തിൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വളരെ പ്രാധാന്യമർഹിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ജൈവവൈവിധ്യ പരിപാലന സമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും സമിതി പ്രാദേശിക പരിസ്ഥിതി കാവൽസംഘമായി പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ യഥാക്രമം സമിതിയുടെ ചെയർപേഴ്സൺ, സെക്രട്ടറി ആയിരിക്കേണ്ടതും ഭരണസമിതി നിർദ്ദേശിക്കുന്ന മറ്റ് 6 അംഗങ്ങൾ കൂടി ഉണ്ടായിരിക്കേണ്ടതും ആണ്. ഇവരിൽ 2 പേർ വനിതകളും ഒരാൾ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതും തെരഞ്ഞെടുക്കുന്ന എല്ലാ അംഗങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്ന വോട്ടർപട്ടികയിൽ പേരുള്ളവരും കാർഷിക ജൈവവൈവിധ്യമേഖലകളെക്കുറിച്ച് അറിവുള്ളവരും ആയിരിക്കണം. വനം-വന്യജീവി, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പ്രത്യേക ക്ഷണിതാക്കളായിരിക്കാവുന്നതാണ്.

3. മൂന്നുമാസത്തിലൊരിക്കൽ ഒരെണ്ണം എന്ന രീതിയിൽ 4 യോഗങ്ങളെങ്കിലും ഒരു വർഷത്തിൽ ചേരേണ്ടതും യോഗനടപടികളും തീരുമാനങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.

4. ജൈവ വൈവിധ്യ പഠനവും ബോധവത്കരണവും നടത്തേണ്ടതും ജനകീയ ജൈവ വൈവിധ്യ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പരമ്പരാഗത അറിവുകളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

5. പ്രാഥമിക പരിസ്ഥിതി പരിപാലനം ജനകീയമായി നടപ്പിലാക്കേണ്ടതും പ്രാദേശികമായി ഉണ്ടായതും ഉണ്ടാകാനിടയുള്ളതുമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളെ യഥാസമയം അറിയിക്കേണ്ടതും ജൈവ വൈവിധ്യ പരിപാലന സമിതിയുടെ കർത്തവ്യമാണ്.

# 1-16 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ

# കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം<br>പി.എ.സി | ടെണ്ടർ അംഗീകരിച്ചത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1 | 66/19- ചമ്മിണി എസ്.സി. കോളനി റോഡ് കോൺക്രീറ്റ്<br>₹.310250/- | 14.8.18<br>(4.9.18- തീരുമാനം ലഭിച്ചത്) | 89/8.2.19<br>ശ്രീ.അബ്ദുൾ റഹിമാൻ | 3102 |
| 2 | 46/19- പതിതച്ചനാംകോട് റോഡ് റീടാറിംഗ്<br>₹.152000/- | 10.12.18 | 86/24.1.19<br>ശ്രീ.അബ്ദുൾ റഹിമാൻ | 1520 |
| | ആകെ | | | 4622 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹.4622/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 10/22.11.19)

# 1-17 ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ബാരലിന്റെ വില കണക്കാക്കി കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി | ബിൽ നം/ ചെക്ക് നം- തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | കരാറുകാരൻ -ശ്രീ. എ.ആർ.പ്രദീപ്കുമാർ | | | |
| | 184/19- അരിയശ്ശേരി തോട്ടുപുറം റോഡ് റീടാറിംഗ് | 7/29.5.18 - 96694/-,<br>43/17-18 | VG-30- 1036.12<br>RS1- 95.92 | 6.64<br>0.48 |
| ആകെ | | | | 7.12 |
| ബാരലിന്റെ വില @ 250/- x7 =₹.1750 | | | | |
| | കരാറുകാരൻ - ശ്രീ.കെ.രമേഷ്കുമാർ | | | |
| 2 | 168/19- പൂളക്കൽപറമ്പ് റോഡ് മെറ്റലിംഗ്, ടാറിംഗ് | 10/29.5.18- 280523,<br>47/17-18 | VG-30- 978.08<br>RS1- 127.53<br>SS1-394.19 | 6.27<br>0.63<br>2.17 |
| ആകെ | | | | 9.07 |
| ബാരലിന്റെ വില @ 250/- x9 =₹.2250 | | | | |
| | കരാറുകാരൻ -ശ്രീ. കെ.സി.തങ്കപ്പൻ | | | |
| 3 | 178/19- കുറുപ്പത്ത്കാട് കോവിൽ റോഡ് ടാറിംഗ്, റീടാറിംഗ് | 11/29.5.18 -398128,<br>30/17-18 | VG-30- 2260.65<br>RS1- 278.62<br>SS1- 333.33 | 14.49<br>1.39<br>1.83 |
| ആകെ | | | | 17.71 |
| ബാരലിന്റെ വില @ 250/- x18 =₹.4500 | | | | |
| | കരാറുകാരൻ -ശ്രീ.എൻ.എൻ.സുരേഷ്കുമാർ | | | |
| 4 | 187/19 - മദ്രസ കുണ്ടുകാട് മുറി റോഡ് റീടാറിംഗ് | 15/29.5.18 -429000,<br>35/17-18 | VG-30- 1596.54<br>RS1-208.078<br>SS1 -643.1525 | 10.23<br>1.04<br>3.54 |

| | | | | |
|---|---|---|---|---|
| ആകെ | | | | 14.81 |
| ബാരലിന്റെ വില @ 250/- x15 =₹.3750 | | | | |
| | കരാറുകാരൻ -ശ്രീ. ചെന്താമരക്കണ്ണൻ | | | |
| 5 | 186/19 - പഴമ്പാലക്കോട് ഹയർ സെക്കന്ററി സ്കൂൾ-NSS സ്കൂൾ റോഡ് മെറ്റലിംഗ് & ടാറിംഗ് | 16/29.5.18- 517758, 38/17-18 | VG-30-679.64<br>RS1-89.58<br>SS1 -273.79 | 4.36<br>0.45<br>1.51 |
| ആകെ | | | | 6.27 |
| ബാരലിന്റെ വില @ 250/- x6 =₹.1500 | | | | |
| കരാറുകാരൻ - എ.വി. സച്ചിദാനന്ദൻ | | | | |
| 6 | 167/19-വട്ടക്കല്ലിങ്കൽ മണ്ണഴി റോഡ് റീടാറിംഗ് | 17/20.6.18-147513,<br>M.B.No.58/17-18 | VG-30-1179.75<br>RS1-134.47 | 7.56<br>0.67 |
| 7 | 172/19-മങ്ങോട്ടുകാവ് ചമ്മിണി റോഡ് റീടാറിംഗ് | 18/30.7.18-998747,<br>61/17-18 | VG-30-2814.42<br>SS1- 378.25<br>RS1- 336.78 | 18.04<br>2.08<br>1.68 |
| 8 | 171/19- വടക്കുംമുറി കാവുങ്കൽ റോഡ് റീടാറിംഗ് | 19/30.7.18 -325000,<br>59/17-18 | VG-30-2722.86<br>RS1-321.91 | 17.5<br>1.61 |
| 9 | 181/19 -കറുകപ്പറമ്പ് റോഡ് ടാറിംഗ് | 20/30.7.18-499691,<br>55/17-18 | VG-30-1955.44<br>RS1- 254.86<br>SS1- 787.74 | 12.53<br>1.27<br>4.34 |
| 10 | 170/19-വടക്കുമുറി കുന്നംപുറം റോഡ് റീടാറിംഗ് 2nd റീച്ച് | 22/30.7.18-225000,<br>60/17-18 | VG-30-1903.77<br>RS1- 223.10 | 12.20<br>1.12 |
| | | | | 80.6 |
| | ബാരലിന്റെ വില @ 250/- x81=₹.20250 | | | |

| | |
|---|---|
| | ആകെ ഈടാക്കേണ്ടത് =₹.1750 +₹.2250 +₹..4500+ ₹.3750+₹.1500+ ₹.20250= ₹.34000 |

₹.34000/- + GST കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/25.11.19ന് ബാരലിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കാം എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-18 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 111 പ്രൊജക്റ്റുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 90 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 36547781 രൂപയിൽ 25157777രൂപ ചെലവഴിച്ചിട്ടുണ്ട്. 68.84% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.
- റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.
- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/ തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. 2018-19 വർഷം നിർവഹണം നടത്തിയ ടാറിംഗ് പ്രവൃത്തികളിൽ 3 പ്രവൃത്തികളിലാണ് ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുള്ളത്.

അപാകതകൾ പരിഹരിക്കാം എന്ന് ഓഡിറ്റ് എൻക്വയറി നം. 10/22.11.2019ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-19 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

2011 ലെ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% കുറഞ്ഞത് 1000/-രൂപ കൂടിയത് 50000/-രൂപയും ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപയും ആണ് ഈടാക്കേണ്ട പിഴ.

2017-18 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത താഴെ പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയതിന്റെയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു. കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. കരാറുകാരുടെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. ചെട്ടിയാർകുളമ്പ് എസ്.സി. കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ

പ്രൊജക്റ്റ്നം. - 105/18, 159/19

അടങ്കൽ - ₹.400000 [വികസന ഫണ്ട്(SCP)]

പി.എ.സി.- ₹.400000/-

ചെലവ്- ബിൽ നം -6/22.5.18 - തുക – ₹.241133/-

85/21.3.19- -₹.112549/-

കരാറുകാരൻ- ശ്രീ. അബ്ദുൾ റഹിമാൻ.കെ.

എം.ബി - 52/17-18

എഗ്രിമെൻറ് നം- 13/17-18 തിയതി, 17.11.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 16.5.18 (6 മാസം)

പൂർത്തീകരിച്ച തീയതി- 21.1.19

ഈടാക്കേണ്ട പിഴ : 3% -₹.12000/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹.12000/-

2. കുട്ടൻകോട് ബസ് വെയിറ്റിംഗ് ഷെഡ്

പ്രൊജക്റ്റ്നം. - 173/19

അടങ്കൽ - ₹.150000 [വികസന ഫണ്ട്]

പി.എ.സി.- ₹.150000/-

ചെലവ്- ബിൽ നം -87/21.3.19 - തുക – ₹.126863/-

കരാറുകാരൻ- ശ്രീ. അബ്ദുൾ റഹിമാൻ.കെ.

എം.ബി - 69/17-18

എഗ്രിമെൻറ് നം- 45/17-18 തിയതി, 4.12.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 3.5.18 (5 മാസം)

പൂർത്തീകരിച്ച തീയതി- 1.3.19

ഈടാക്കേണ്ട പിഴ : 3% -₹.4500/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹.4500/-

ആകെ ഈടാക്കേണ്ട പിഴ -₹.12000/-+₹.4500/- =₹.16500/- ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/25.11.19ന് തുക ഈടാക്കി വിവരം അറിയിക്കാം

എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. . പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡ ബ്ള്യൂഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-20 ലൈഫ് പദ്ധതി അവലോകനം

ഒന്നാം ഘട്ടം പ്രവർത്തനങ്ങൾ

ഒന്നാംഘട്ടം പ്രവർത്തനങ്ങൾക്കായി ആകെ 2 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18, 2018-19 വർഷങ്ങളായി 3,60,000 രൂപ ചെലവഴിച്ച് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

രണ്ടാം ഘട്ടം പ്രവർത്തനങ്ങൾ

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പ്രകാരം ഭൂമിയുള്ള ഭവനരഹിതർ വിഭാഗത്തിൽ ആകെ 116 ഗുണഭോക്താക്കൾ ഉണ്ട്. 2018-19 വർഷം 87 പേർ എഗ്രിമെന്റ് വച്ചതിൽ 84 പേർ നാളിതു വരെ ഭവനപദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. 3 പേർ ഭവനപദ്ധതി പൂർത്തീകരിച്ചിട്ടില്ല. ലൈഫ് മാനദണ്ഡപ്രകാരം അർഹതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടുള്ളതായും മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടുന്ന 2 കുടുംബങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുന്നതായും ആശ്രയ കുടുംബങ്ങൾ ഉൾപ്പെടുന്നതായും വി.ഇ.ഒ അറിയിച്ചു.

പദ്ധതിക്കായി 2018-19 വർഷം ലഭ്യമായ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| പ്ലാൻ വിഹിതം | 4121970 | 4121970 |
| ബ്ലോക്ക് വിഹിതം | 1126310 | 1126310 |
| ജില്ലാ പഞ്ചായത്ത് | 684601 | 684601 |

| | | |
|---|---|---|
| വിഹിതം | | |
| ലോൺ | 28892689 | 12147119(തൻവർഷം ലഭ്യമായ തുക) |

ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇവർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവന നിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധ പ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

<u>സർക്കാർ വിഹിതം ലഭ്യമാക്കിയതിന്റെ വിവരങ്ങൾ</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2017-18, 2018-19വർഷങ്ങളിൽ സർക്കാർ വിഹിതം ലഭ്യമായിട്ടില്ല.

<u>ഭവനനിധി രൂപീകരിച്ചിട്ടുണ്ട്</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചിട്ടില്ല.

ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം - നടപടികൾ നാളിതു വരെ തുടങ്ങിയിട്ടില്ല

ഭൂരഹിത ഭവനരഹിതരായി 240 ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉണ്ട്. നാളിതു വരെ ഇവർക്കായുള്ള ഭവന നിർമ്മാണ നടപടികൾ തുടങ്ങിയിട്ടില്ല. സ്ഥലലഭ്യത ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയുള്ള ഭവനസമുച്ചയ നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്. ഭവനനിധി പ്രകാരമുള്ള തുക ഭൂരഹിത ഭവനരഹിതരുടെ ഭവന നിർമ്മാണത്തിനായി വിനിയോഗിക്കേണ്ടതാണ്.

മോണിറ്ററിംഗ് നടപടികൾ

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. കർമ്മ സമിതി പദ്ധതി മോണിറ്റർ ചെയ്യുന്നുണ്ടെന്നും ഭരണസമിതിയിൽ പുരോഗതി വിലയിരുത്തുന്നുണ്ടെന്നും വി.ഇ.ഒ അറിയിച്ചു. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്-ആവശ്യമായ തുക വകയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചു

പ്രോജക്ട് നം 13/19

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ - 540000

ചെലവ് -424600 (ബിൽ നം 3/10.12.18)

ആകെ 38 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. ഭൂരിഭാഗം വിദ്യാർത്ഥികളും മാനസികവൈകല്യങ്ങൾ ഉള്ളവരാണ്. മറ്റുള്ളവർ കാഴ്ചയ്ക്കും കേൾവിക്കും ചലനത്തിനും ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നവരാണ്. ഇവർക്ക് പരമാവധി 13500 രൂപ വരെ സ്കോളർഷിപ്പ് / ബത്ത നൽകുന്നതിനേ കഴിഞ്ഞിട്ടുള്ളൂ.

പതിമൂന്നാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500 രൂപ വരെ നൽകാവുന്നതാണ് . ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്.

വരുംവർഷങ്ങളിൽ ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് രൂപീകരിക്കേണ്ടതും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിനും ഭരണനിർവ്വഹണാധികാരികളുടെ ശ്രദ്ധക്ഷണിക്കുന്നു.

താഴെ പറയുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക നൽകിയിരിക്കുന്ന ബാങ്ക് അക്കൗണ്ട്, ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പകർപ്പിലെ അക്കൗണ്ട് നമ്പറുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | ബാങ്ക് അക്കൗണ്ട് നം ഹാജരാക്കിയത് | തുക കൈമാറിയത് |
|---|---|---|
| ശ്രീജേഷ്.കെ,<br>മല്ലൻപറമ്പ് നെച്ചൂർ | യൂണിയൻ ബാങ്ക്,<br>654502010009200 | യൂണിയൻ ബാങ്ക്,<br>654502010000100 |
| മുഹമ്മദ് അജ്മൽ.എ.ആർ, ആലിങ്കൽപ്പറമ്പ്, വാവുള്ള്യാപുരം. | എസ്.ബി.ഐ ആലത്തൂർ<br>67187080780 | എസ്.ബി.ഐ, ആലത്തൂർ<br>67145280665 |
| പ്രണേഷ്.ബി,<br>താഴത്തെ വീട്, തരൂർ | യൂണിയൻ ബാങ്ക്,<br>654502010004516 | യൂണിയൻ ബാങ്ക്,<br>654402010004516 |

തുക ക്രെഡിറ്റ് ആവാതിരുന്നതിനെ തുടർന്ന് മേൽ ഗുണഭോക്താക്കൾ ബാങ്ക് നിർദ്ദേശപ്രകാരം പുതിയ അക്കൗണ്ടുകൾ ആരംഭിക്കുകയും ആ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. പുതിയ അക്കൗണ്ടുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഈ വിഷയങ്ങൾ ഓഡിറ്റ് അന്വേഷണം നം 25/27.11.19 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്.

# 1-22 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | തുക കൈപ്പറ്റിയ സ്ഥാപനം/ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 129/19 | അത്തിപ്പൊറ്റ കാവുങ്കൽ, കരിങ്കുളങ്ങര,അത്തിപ്പൊറ്റ പണ്ടാരത്തിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 34/17.12.2018 | 400000 | എക്സി. എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, മലമ്പുഴ | |
| 2 | 114/19 | അത്തിപ്പൊറ്റ പടിഞ്ഞാത്തറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 35/17.12.2018 | 325600 | എക്സി. എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, മലമ്പുഴ | |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

# 1-23 ഭാരതപ്പുഴ പുനരുജ്ജീവനനീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

പ്രൊജക്ട് നം.213/19

അടങ്കൽ – 45300 (വികസന ഫണ്ട്)

ചെലവ് – 30000/- രൂപ

നിർവ്വഹണം – സെക്രട്ടറി

തരൂർ ഗ്രാമപഞ്ചായത്തിൽ വരും വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വിഭവപരിപാലനം പ്രാവർത്തികമാക്കുന്നതിനുള്ള ഒരു ആധികാരിക നീർത്തട മാസ്റ്റർ പ്ലാൻ

രേഖ തയ്യാറാക്കുകയാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം മാസ്റ്റർ പ്ലാൻ പ്രിന്റിംഗിനായി ട്രഷറി ബിൽനം. 33/12.12.2018 പ്രകാരം 30000 രൂപ ചെലവഴിച്ചിട്ടുണ്ട്. റീബ.എം. ഡി റ്റി പി പ്രിന്റിംഗ് വർക്ക്സ് എന്നയാളാണ് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത്. സ.ഉ(സാധാ) നം. 256/2018/തസ്വഭവ തീയതി 29.1.2018 പ്രകാരം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നീർത്തടമാസ്റ്റർപ്ലാൻ പരിഷ്കരിക്കുന്നതിനുള്ള ചെലവുകൾ തൊഴിലുറപ്പുപദ്ധതിയുടെ ഭരണച്ചെലവിൽ നിന്നോ പഞ്ചായത്തിന്റെ പൊതു ഫണ്ട്/തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. ഉത്തരവ് പ്രകാരം ഒരു നീർത്തടത്തിന് പരാമവധി ചെലവഴിക്കാവുന്ന തുക 15000 രൂപ മാത്രവും പ്രിന്റിംഗ് പ്രവർത്തിക്കായി ചെലവഴിക്കാവുന്ന തുക 1500 രൂപയുമാണ്. പ്രിന്റിംഗ് പ്രവൃത്തിക്കുമാത്രമായി പ്ലാൻ ഫണ്ടിൽ നിന്നും 30000 രൂപയാണ് തരൂർ പഞ്ചായത്തിൽ ചെലഴിച്ചിട്ടുള്ളത്.

പൊതു ആവശ്യ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ എൻ ആർ ഇ ജി എസ് ഫണ്ടിൽ നിന്നോ തുക ചെലവഴിക്കുന്നതിന് പകരം പദ്ധതി ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിനും പ്രിന്റിംഗിന് മാത്രം 30000 രൂപ ചെലവഴിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20.26.11.2019) ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് കുറവായതിനാലാണ് പദ്ധതി ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതെന്ന് വിശദീകരണം ലഭ്യമാക്കി. എന്നാൽ 2018-19വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 11.95 ലക്ഷം രൂപ പദ്ധതികൾക്കായി വകയിരുത്തുകയും 7.82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ കുറവുമൂലമാണ് തുക വകയിരുന്നതാൽ കഴിയാത്തതെന്ന മറുപടി പരിഗണനാർഹമല്ല. പദ്ധതി ഫണ്ടിൽനിന്ന് തുക ചെലവഴിക്കുമ്പോൾ മാർഗനിർദ്ദേശം പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചെലവഴിച്ച 30000/- രൂപ തനത് ഫണ്ടിൽ നിന്നോ/എൻ.ആർ.ഇ.ജി.എസ്. ഫണ്ടിൽ നിന്നോ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

# 1-24 വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരമടക്കൽ- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾ കൂടാതെ വാട്ടർ അതോറിറ്റിയുടെ 267 പൊതുടാപ്പുകൾ നിലവിലുണ്ട്. ടാപ്പൊന്നിന് 5250 രൂപ പ്രകാരം ഈയിനത്തിൽ ഒരു വർഷത്തിൽ 1401750/- രൂപ വെള്ളക്കരം അടവാക്കേണ്ടതുണ്ട്. ആയത് 12ഗഡുക്കളായി നിശ്ചയിച്ച് പ്രതിമാസം 1168123 രൂപ പ്രകാരമാണ് അടവാക്കേണ്ടത്. മുൻവർഷങ്ങളിൽ അടവാക്കേണ്ട തുക യഥാസമയം ഒടുക്കാത്തതിനാൽ കുടിശ്ശികയായ തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പ്രൊജക്ട് തയ്യാറാക്കി ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം.3/19

ബിൽ നം. 17/21.7.2018, തുക-863690

ബിൽ നം. 25/29.9.2018, തുക-136310

വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ നം.26051/4.6.2018 ഡിമാന്റ് പ്രകാരം മെയ് 2018 വരെയുള്ള ഡിമാന്റ് തുക പിഴയടക്കം 863690 രൂപ കണക്കാക്കിയിരിക്കുന്നു. പ്രസ്തുത തുകബിൽനം. 17 പ്രകാരം അടവാക്കി. 5.9.2018 തീയതിയിലെ ഡിമാന്റ് നോട്ടീസ് നം. 28588/5.9.2018 പ്രകാരം 9/2018 വരെയുള്ള തുക 374773 രൂപ (5012 രൂപ പിഴയടക്കം) ഡിമാന്റ് ചെയ്യുകയും മെയിന്റനൻസ് ഗ്രാന്റിൽനിന്ന് 136310 രൂപയും തനത് ഫണ്ടിൽനിന്ന് 233451 രൂപയും അടവാക്കിയിരിക്കുന്നു. കുടിശ്ശിക തുക കൂടാതെ മേയ് മാസം മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലെ ഡിമാന്റ് തുകകൾ ഈ ഡിമാന്റിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടവാക്കി.

എ) ജി.ഒ(ആർ ടി) 2242/2011/തസ്വഭവ തീയതി 28.9.2011 ഉത്തരവ് പ്രകാരം സംയുക്ത പരിശോധന പൂർത്തിയായതിനു ശേഷം സ്ഥാപനങ്ങൾ വെള്ളക്കരകുടിശ്ശിക അടവാക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. സംയുക്തപരിശോധന നടത്തി യഥാർത്ഥത്തിൽ വെള്ളം ലഭ്യമാകുന്ന ടാപ്പുകളുടെ മാത്രം കുടിശ്ശിക കണക്കാക്കി വെള്ളക്കരം അടവാക്കുന്നതിനു പകരം വാട്ടർ അതോറിറ്റിയുടെ ഏകപക്ഷീയമായ ഡിമാന്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് തുക അടവാക്കിയിട്ടുള്ളത്. ടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നാളിതുവരെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ബി)ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള കുടിശ്ശിക തുക ഏത് കാലയളവ് മുതലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

സി) 863690 രൂപ അടവാക്കിയതിൽ ഫൈൻ ഇനത്തിൽ 14411 രൂപയും മേയ് 2018 ലെ ഡിമാന്റ് തുകയായ 116813 രൂപയും ഉൾപ്പെടുന്നു. പിഴയായി തുക ഒടുക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തനത് ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് തുക യഥാസമയം അടവാക്കാൻ കഴിയാത്തതിനാലാണ് പിഴ ഒടുക്കേണ്ടിവന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും പദ്ധതികൾക്കായി 11.95 ലക്ഷം രൂപ വകയിരുത്തുകയും 7.82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പിഴപ്പലിശയിനത്തിൽ അടവാക്കിയ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

- ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്.
- വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- സർക്കാർ ഉത്തരവ് (സാ) 1275 /2009 / ത.സ്വ. ഭ . വ തീയ്യതി 30.05. 20 09പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ടുനടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
- വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
- പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം നിശ്ചയിച്ചതിനുശേഷം പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കി യഥാർത്ഥത്തിലുള്ള തുക കണക്കാക്കേണ്ടതും വാട്ടർ അതോറിറ്റിക്ക് ഈയിനത്തിൽ അധികം തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ലഭ്യമാക്കേണ്ടതാണ്.
- കുടിവെള്ളക്കരം യഥാസമയം ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതും പിഴ അടവാക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.
- ഗുണഭോക്താക്കൾക്ക് ഗാർഹികകണക്ഷൻ നൽകുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# 1-25 തനത് ഫണ്ടിന്റെ അപര്യാപ്തത പരിഗണിക്കാതെ പദ്ധതികൾക്കായി തുക വകയിരുത്തുന്നു.

2018-19സാമ്പത്തികവർഷം തനത് ഫണ്ടിൽ നിന്നും 11 പ്രോജക്ടുകൾക്കായി 11.95 ലക്ഷം രൂപ വകയിരുത്തുകയും 7.82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ (കൈ) നം.11/2018/തസ്വഭവ തിയതി 29-1-2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖ.5.1(3) പ്രകാരം അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വെച്ച ശേഷം മിച്ചമുള്ള തുക തനത് ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഖ.5.1(3) പ്രകാരം തനത് വരുമാനത്തിലെ മിച്ചം യുക്തിസഹമായ രീതിയിൽ കണക്കാക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. അനിവാര്യമായ ചുമതലകൾക്ക് പോലും ഫണ്ടിന്റെ പരിമിതി അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ വികസന ഫണ്ട് വകയിരുത്തി ആവിഷ്കരിക്കാമായിരുന്ന പ്രോജക്ടുകൾ പോലും തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവ് നിർവ്വഹിച്ചത് സാമ്പത്തികാസൂത്രണത്തിലെ പോരായ്മയായി വിലയിരുത്തുന്നു.

ഉദാ. 1) ഗ്രാമപഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ/പ്രിന്റർ വാങ്ങൽ എന്ന പദ്ധതിക്കായി 1455700 രൂപയും അങ്കണവാടികളുടെ ഇലക്ട്രിഫിക്കേഷൻ അത്തിപ്പൊറ്റ ശ്മശാനം ഇലക്ട്രിഫിക്കേഷൻ എന്നിവക്ക് 129319രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

തനത് ഫണ്ടിന്റെ പരിമിതിമൂലം സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ്, വാട്ടർ അതോറിറ്റിക്കുള്ള വെള്ളക്കരമൊടുക്കൽ എന്നിവക്കായി മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. പ്രൊ.നം. 3/19-വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരമടക്കൽ- 1000000 രൂപ

2. പ്രൊ.നം. 36/19-പഞ്ചായത്ത് തെരുവ് വിളക്കുകളുടെ പരിപാലനവും അതിനാവശ്യമായ സാമഗ്രികൾ വാങ്ങലും -254410

ഓഡിറ്റ് നിർദ്ദേശങ്ങൾ

തനത് ഫണ്ടിന്റെ യഥാർത്ഥ സ്ഥിതി വകയിരുത്താതെ തനത് ഫണ്ട് വികസന പ്രവർത്തനങ്ങൾക്കായി നീക്കി വെക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

തനത് ഫണ്ടിന്റെ നില മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 ആശ്രയ പദ്ധതി-അഗതി രഹിത കേരളം- അവലോകനം

എ)ആശ്രയ ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

2018-19 വർഷത്തിൽ ആശ്രയ ഗുണഭോക്താക്കൾക്കായി താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|
| ആശ്രയപദ്ധതി(സ്പിൽ ഓവർ) | 204/19 | 400000 | 0 |
| ആശ്രയ (സ്പിൽ ഓവർ) | 207/19 | 200000 | 0 |

മേൽ പദ്ധതികൾ നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് പദ്ധതിക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പ്രൊജകട് തയ്യാറാക്കിയതിനാലാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. പദ്ധതി നം.207/19 ഭവനനിർമാണത്തിനുവേണ്ടി വകയിരുത്തിയതാണെന്നും ഭവനനിർമാണപദ്ധതികൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി

നടപ്പിലാക്കേണ്ടതിനാലാണ് ഈ പദ്ധതി നടപ്പിലാക്കാത്തതെന്ന് മറുപടി ലഭ്യമാക്കി. 2017-18 വർഷത്തെ പദ്ധതി സ്പിൽ ഓവറാക്കി ആവിഷ്കരിച്ചതിനാൽ തുടർ വർഷങ്ങളിലേക്ക് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതി സംജാതമാകുകയും പ്ലാൻഫണ്ട് നഷ്ടമാകുന്നതിന് കാരണമാകുകയും ചെയ്തു. പദ്ധതി തയ്യാറാക്കുമ്പോൾ ആയത് നടപ്പിലാക്കാൻ കഴിയുന്നതാണോയെന്ന് വിലയിരുത്തേണ്ടതും ഫണ്ട് നഷ്ടമാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

ബി)ആശ്രയ ഗുണഭോക്താക്കൾക്ക് ഭവനനിർമാണത്തിന് അർഹമായ ധനസഹായം അനുവദിച്ചില്ല

2017-18 വർഷത്തിൽ എഗ്രിമെന്റ് വെച്ച് 4/2018 ൽ ഭവന നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ആശ്രയ ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ മാത്രമാണ് ഭവനനിർമാണത്തിന് ആനുകൂല്യം നൽകിയിരിക്കുന്നത്. 2017-18 വർഷത്തിന് ബാധകമായ ലൈഫ് മിഷൻ മാർഗരേഖപ്രകാരം ഭവനനിർമാണത്തിന് അനുവദിക്കാവുന്ന സബ്സിഡി 400000 രൂപയാണ്. മുൻവർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് പൂർത്തിയാക്കാതിരുന്ന ഭവനങ്ങൾക്ക് ആനുപാതികമായി തുക വകയിരുത്തി നൽകാവുന്നതാണ്. ഭവന നിർമാണത്തിന്റെ യൂണിറ്റ് നിരക്ക് പ്രകാരം ആനുപാതികവർദ്ധനവ് തുക അനുവദിക്കാതെ 2014-15 വർഷത്തിലെ ആശ്രയ പദ്ധതി പ്രകാരം വകയിരുത്തിയ 2.5ലക്ഷം രൂപ മാത്രമാണ് ആശ്രയ ഗുണഭോക്തക്കൾക്ക് നൽകിയത്. 2017-18 വർഷത്തിന് ബാധകമായ നിരക്കിൽ തുക അനുവദിക്കാത്തതിന് കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആശ്രയ ഗുണഭോക്താക്കൾ 2.5 ലക്ഷം രൂപയ്ക്ക് ഭവനനിർമാണം പൂർത്തീകരിച്ചതിനാലാണ് അധിക തുക അനുവദിക്കാതിരുന്നതെന്നാണ് വിശദീകരണം ലഭ്യമാക്കിയത്. ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ രീതിയിൽ തുക അനുവദിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥനും കുടുംബശ്രീഭരണസമിതിയും, പഞ്ചായത്ത് ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

സി)ആശ്രയ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല

ആശ്രയ രണ്ടാം ഘട്ടം പ്രകാരം വീട് നിർമാണത്തിന് ധനസഹായം അനുവദിച്ച മാധവൻ, മൂച്ചിത്തറ, വാവുള്ള്യപുരം എന്ന ഗുണഭോക്താവ് ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല. ആകെ 75000 രൂപ മാത്രമാണ് ഈ ഗുണഭോക്താവിന് അനുവദിച്ചിട്ടുള്ളത്. ഈ ഗുണഭോക്താവിന്റ ഭവന നിർമാണം പൂർത്തീകരിക്കുന്നതിനായി കുടുംബശ്രീയുടെ ഭാഗത്ത് നിന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ആശ്രയ ഗുണഭോക്താവിന് ഭവന നിർമാണം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിൽ ഭരണസമിതിയും കുടുംബശ്രീയും പ്രത്യേക താൽപര്യമെടുത്ത് ഭവനം നിർമിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അർഹമായ മുഴുവൻ തുകയും അനുവദിച്ച് ഭവന നിർമാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡി)ലൈഫ് പദ്ധതിയിൽ അഗതി ഗുണഭോക്താക്കളെ പരിഗണിച്ചിട്ടില്ല

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം പ്രകാരം അഗതികളായ ഗുണഭോക്താക്കൾക്കാണ് മുൻഗണന നൽകേണ്ടതാണ്. അഗതിരഹിതകേരളം പദ്ധതിയുടെ വീട് ആവശ്യമുള്ള 34 ഗുണഭോക്താക്കൾ നിലവിലുണ്ട്. എന്നാൽ 2ഗുണഭോക്താക്കളെ മാത്രമാണ് ഐ എ വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇ)അഗതി രഹിത കേരളം

തരൂർ ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം ആകെ 186 പേരാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉള്ളത്. ഭക്ഷണം ഒഴികെ മറ്റ് പ്രധാന ഘടകങ്ങൾ ആവശ്യമുള്ള അഗതി കുടുംബങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. നിലവിൽ ഭക്ഷ്യധാന്യ വിതരണ പദ്ധതിക്ക് മാത്രമാണ് തുക വിനിയോഗിക്കുന്നത്.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വീട് ആവശ്യമുള്ളവർ | 34 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | - |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 6 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 8 |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 2 |
| 6 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | - |
| 7 | വിദ്യാഭ്യാസം | 9 |

അഗതി രഹിത കേരളം ആക്ഷൻ പ്ലാൻ പ്രകാരം 17975500 രൂപയാണ് തുക കണക്കാക്കിയിട്ടുള്ളത്. ഇതിൽ പദ്ധതി ഫണ്ട് തുക 13962000 രൂപയാണെങ്കിലും 2018-19 വർഷത്തിൽ ഇതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്ന ചലഞ്ച് ഫണ്ട് തുക 254363 രൂപ അഗതിരഹിതകേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ)നം.11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ പദ്ധതി പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഘടകങ്ങൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 വാഹനത്തിന്റെ ഉപയോഗം- രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

KL49-5868 എന്ന നമ്പറിലുള്ള ബോലേറോ എന്ന വാഹനമാണ് ഗ്രാമ പഞ്ചായത്തിലുള്ളത്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച ജി.ഒ. (എം.എസ് )170 / 07 തീയതി 30.06.2007, സർക്കുലർ നം 41/2008/ധനം. തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. 2018-19 വർഷത്തിൽ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതുകയോ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുകയോ ചെയ്തിട്ടില്ല. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് മേൽപ്പറഞ്ഞ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-28 തെരുവ് വിളക്ക് പരിപാലനം- അവലോകനം

<u>തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല</u>

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം ചിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കി ആയതിനനുസരിച്ചല്ല തെരുവ് വിളക്കുകളുടെ മെയിന്റനൻസിനുള്ള എ എം സി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. കൃത്യമായ എണ്ണം കണക്കാക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന്

സംയുക്തപരിശോധന നടത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ തരം, എണ്ണം അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പടെ വാർഡ് തിരിച്ചുള്ള തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

മീറ്ററിംഗ് ഇല്ലാത്ത തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല

കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ കൃത്യമായ എണ്ണം നിജപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൈവശമുള്ള കാലഹരണപ്പെട്ടതും കൃത്യതയില്ലാത്തതുമായ കണക്കനുസരിച്ചാണ്. മീറ്ററിംഗ് ഇല്ലാത്ത വിളക്കുകളുടെ വിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | വാട്ട് | എണ്ണം |
|---|---|---|---|
| 1 | ഓർഡിനറി ബൾബ് | 40 | 128 |
| 2 | എൽ ഇ ഡി | 1*40 | 2995 |
| 3 | എസ് വി എൽ | 1*250 | 43 |
| 4 | സി എഫ് എൽ | 2*11 | 168 |

തരൂർ ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള മീറ്ററിംഗ് ഇല്ലാത്ത തെരുവുവിളക്കുകൾക്ക് കൺസ്യൂമർ നം.1165071000434 പ്രകാരം പ്രതിമാസം 135571 രൂപ അടവാക്കുന്നുണ്ട്.

നിലവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചില്ല

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. ആ നിലയ്ക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ലാമ്പുകൾ നിലവിലില്ലെന്ന് അനുമാനിക്കാവുന്നതാണ്. വൈദ്യുതി ബോർഡ് 40 വാട്ടിന്റെ 128 സാധാരണ ലാമ്പുകൾക്ക് ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് തുടർന്നു വരുന്നു. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

മീറ്ററിംഗ് ഏർപ്പെടുത്തിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . 34 ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിച്ചിട്ടുണ്ട്.

ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

യുണൈറ്റഡ് ഇലക്ട്രിക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റ് 604400 രൂപ വിനിയോഗിച്ച് 208 എൽ ഇ ഡി വിളക്കുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എൽ.ഇ.ഡി ലാമ്പുകളുടെ ശരാശരി ആയുസ്സ് കൂടുതൽ ആയതിനാൽ അവ കൂടുതൽ കാലം നിലനിൽക്കുന്നതാണ്. ഇപ്രകാരം വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. എൽ ഇ ഡി വിളക്കുകൾക്ക് വാറണ്ടി കാലയളവിലുണ്ടാകുന്ന തകരാറുകൾ വിളക്ക് സ്ഥാപിച്ച സ്ഥാപനത്തെക്കൊണ്ട് തന്നെ പരിഹരിക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ എ എം സി നൽകുമ്പോൾ വാറണ്ടി പീരിയഡുള്ള ഇത്തരം വിളക്കുകളെ ഒഴിവാക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

താരതമ്യേന ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകളും ഫ്ലൂറസന്റ് ലാമ്പുകളും ഒഴിവാക്കി സോളാർ പാനലുകൾ, എൽ.ഇ.ഡി ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ നടപടികൾ ഉണ്ടാകേണ്ടതാണ്.

<u>തെരുവ് വിളക്കുകളുടെ മെയിന്റനൻസ്</u>

തെരുവ് വിളക്കുകൾക്കുള്ള സ്പെയർ പാർട്ട്സുകളുടെ സ്റ്റോക്ക്, വിനിയോഗ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ സ്പെയർ പാർട്ട്സുകളുടെ ആവശ്യകത ഉറപ്പാക്കാനാവുന്നില്ല. ഗ്യാരന്റി കാലാവധി കഴിയുന്നതിന് മുൻപ് തന്നെ ബൾബുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നില്ല. കരാറുകാരൻ സമർപ്പിച്ച ബിൽ അടിസ്ഥാനമാക്കി തുക നൽകുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. കേടുപാടുകൾ സംഭവിച്ച തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും കരാറുകാരൻ തിരികെ പഞ്ചായത്തിൽ ഏൽപിക്കുയോ ആയത് ലേലം ചെയ്ത് ഗ്രാമപഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടിയോ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സംബന്ധിച്ച പരാതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും റിപ്പയർ ആവശ്യമായ എല്ലാ വിളക്കുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിളക്കുകൾ പ്രവർത്തിക്കാത്തത് എന്ന് മുതൽക്കാണ് എന്നും അവ എന്ന് റിപ്പയർ ചെയ്തു തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല.

തെരുവ് വിളക്കുകളുടെ മെയന്റനൻസിനായി പ്രൊജക്റ്റ് നം.36/19 പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനവും അതിനാവശ്യമായ സാമഗ്രികളെ വാങ്ങലും എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

| പ്രൊജക്റ്റ് | പേര് | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|
| 11/19 | തെരുവ് വിളക്ക് പരിപാലനവും അതിനാവശ്യമായ സാമഗ്രികൾ വാങ്ങലും | 490000 | 254410 | 55/19.3.2019 |

2018-19 വർഷത്തെ തെരുവ് വിളക്ക് പരിപാലനത്തിനായി ശ്രീ.വെങ്കിട്ടരമണൻ എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ കുറഞ്ഞ ടെണ്ടർ അംഗീകരിച്ച് 75/18-19,27.9.2018 തീയതിയിൽ കരാർ ചമച്ചിട്ടുണ്ട്. സാധനങ്ങൾ സപ്ളൈ ചെയ്യുന്നതിനും ലേബർ ചാർജ് നൽകുന്നതിനുമാണ് കരാർ നൽകിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ സ്പെയർ പാർട്സുകൾ വാങ്ങേണ്ടതുമാണ്. ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ ഇഷ്യു വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയും പ്രധാന ആവർത്തന ചെലവ്

ഇനവുമായ തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമവും, സുതാര്യവുമാക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതും തദതനുസൃതമായി വൈദ്യുത ചാർജ്ജ് ക്രമീകരിക്കേണ്ടതുമാണ്.

2. നിലവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 1-29 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തിയത് പ്രകാരം ആകെ 25 അങ്കണവാടികൾ ഉള്ളതിൽ 8 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ ഒരെണ്ണത്തിന്റെ സ്വന്തം കെട്ടിടം നിലവിൽ അറ്റകുറ്റപ്പണികൾ ചെയ്തു വരുന്നതായും ഒരെണ്ണത്തിന് പുതിയ കെട്ടിടം പണി നടന്നുകൊണ്ടിരിക്കുന്നതായും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. 9 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല. ശിശുസൗഹൃദ ടോയ് ലെറ്റുകൾ ഇല്ലാതെയാണ് 25 അങ്കണവാടികളും പ്രവർത്തിക്കുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തികൾ നടപ്പിലാക്കേണ്ടതാണ്.

അനുപൂരക പോഷകാഹാരം നൽകൽ പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതത്തിൽ 31.03.2019 ലെ കണക്ക് പ്രകാരം 1085090 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. പൂരകപോഷകാഹാര പദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ്

എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം 16/25.11.19 പ്രകാരം ഈ വിവരം നിർവ്വഹണോദ്യോഗസ്ഥയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.) ഈ തുകയിൽ 467421 രൂപ 2019-20 വർഷം പോഷകാഹാര വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ടെന്നും ഒരു അങ്കണവാടിക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി 250000 രൂപ വകയിരുത്തിയതായും സൂപ്പർവൈസർ അറിയിച്ചു.

പോഷകാഹാര വിതരണത്തിനായി അതത് വർഷം തന്നെ പരമാവധി കേന്ദ്ര വിഹിതം വകയിരുത്തേണ്ടതും ആയത് ഉപയോഗിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ ലഭിച്ച തുക അതത് വർഷം ഉപയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതികാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്തുന്നതിനും അങ്കണവാടികളിൽ ശിശുസൗഹാർദ്ദവും സുരക്ഷിതവുമായ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-30 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

വിവിധ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി നടത്തിപ്പിനായി ലഭ്യമായ താഴെ പറയുന്ന തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് വിവരങ്ങൾ | തുക | ലഭിച്ച സ്ഥാപനം |
|---|---|---|
| സ്ഥലം വാങ്ങൽ-എസ്.സി. -2014-15 വർഷം ലഭിച്ചത് | 300000 | ബ്ലോക്ക് പഞ്ചായത്ത് |
| ഭിന്നശേഷി സ്കോളർഷിപ്പ്-2014-15 വർഷം ലഭിച്ചത് | 25000 | ബ്ലോക്ക് പഞ്ചായത്ത് |
| ഖരദ്രവ മാലിന്യ സംസ്കരണം | 1200000 | ശുചിത്വ മിഷൻ |
| ഗായത്രി വാട്ടർ ഷെഡ് പ്രോഗ്രാം-2014-15 വർഷം ലഭിച്ചത് | 33264 | ജില്ലാ പഞ്ചായത്ത് |

ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടി ശുചിത്വ മിഷനിൽ നിന്നും ₹.1200000/- ലഭിച്ചിട്ടുണ്ട്. അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി MCF/RRF

-കളക്ഷൻ സെന്റർ സ്ഥാപിക്കൽ എന്ന പ്രവൃത്തി 26.10.18ന് ടെണ്ടർ നടത്തുകയും ശ്രീ. എ.ആർ.പ്രദീപ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 3.11.18ലെ ഭരണ സമിതി തീരുമാനം 3(1) പ്രകാരം പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് നിർമ്മാണം MCF യൂണിറ്റ് നിർമ്മിക്കുന്ന യൂണിറ്റ് ചുറ്റു മതിൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ ശ്രീ.സി.അബ്ദുൾ റഹ്മാൻ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ നടപ്പിലാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/25.11.2019ന് ടി പ്രവർത്തികൾ എഗ്രിമെന്റ് വെക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. പ്രദേശത്തെ ജനങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചതിനാൽ 13.2.2019ലെ 11(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പദ്ധതി ഒഴിവാക്കാൻ തീരുമാനിച്ചു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സമയബന്ധിതമായി ചെലവഴിക്കാത്ത തുകകൾ അതാതു ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 2/19.11.19, 13/25.11.19).

ഭാഗം – 2

പരാമർശങ്ങൾ ഇല്ല

ഭാഗം-3

പരാമർശങ്ങൾ ഇല്ല

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.6.2019 to 27.6.2019 | നം.കെ.എസ്.എ-പികെഡി-21/997/2019(72)/26-8-2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2014-15 | 33264 | ഗായത്രിപ്പുഴ മാസ്റ്റർ പ്രോജക്ട് | 0 | 33264 |
| | 2018-19 | 28,00,000 | ഉഴവ് കൂലി | 28,00,000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | സ്ഥലം വാങ്ങൽ | 0 | 300000 |
| | | 130000 | ലൈഫ് | 130000 | 0 |
| | 2014-15 | 25000 | സ്കോളർഷിപ്പ് | 0 | 25000 |
| | 2018-19 | 14,00,000 | ഉഴവ് കൂലി | 14,00,000 | 0 |
| | | 1126310 | ലൈഫ് ഭവന പദ്ധതി | 1126310 | 0 |
| | | 486000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 486000 | 0 |
| | | 168925 | അങ്കണവാടി പോഷകാഹാരം | 168925 | 0 |
| | | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 100000 |

വാർഷിക ധനകാര്യ പത്രിക B4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ബാലൻസ് തുക 100000 രൂപ മാത്രമാണ്. 325000 രൂപ മുൻവർഷങ്ങളിൽ ലഭിച്ച ലയബിലിറ്റി ആയി തുടരുന്നുണ്ടെങ്കിലും B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അത്തിപ്പൊറ്റ കാവുങ്കൽ, കരിങ്കുളങ്ങര, അത്തിപ്പൊറ്റ | 34/17.12.2018 | 400000 | 0 | 400000 |

| | | | | | |
|---|---|---|---|---|---|
| | പണ്ടാരത്തിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | | | | |
| കേരള വാട്ടർ അതോറിറ്റി | അത്തിപ്പൊറ്റ പടിഞ്ഞാത്തറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 35/17.12.2018 | 325600 | 0 | 325600 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവനനിർമ്മാണപദ്ധതിക്കായി വായ്പയിനത്തിൽ 12247119 രൂപ വരവുണ്ട്. അത്രയും തുക തന്നെ വിനിയോഗിച്ചിട്ടുമുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | 18.05.18 ലെ ജിഒ (എം.എസ്) നം 68/2018 എൽ.എസ്. ജി.ഡി | 12247119 | 0 | 0 | 0 | 12247119 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പ്രകാരം റിക്കവറി ഇനത്തിൽ 64681 രൂപ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവുണ്ട്. എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഓഡിറ്റ് റിക്കവറി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിക്കവറി

ഹെഡിൽ ഉൾപ്പെടുത്തിയ 94 രൂപ ഇലക്ട്രിസിറ്റി ചാർജ്ജ് സർചാർജ്ജ് തുക തിരികെ അടവാക്കിയതാണ് . ഇത് റിക്കവറി ഹെഡിൽ ഉൾപ്പെടുത്താവുന്നതല്ല.64681 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-1 | 24077 | സുബ്രിഹ്മണ്യൻ.എസ്, സെക്രട്ടറി | 118030106387/ 22.03.2019 |
| | 2-4(എ) | 600 | പ്രസന്നകുമാരി,സി.ഡി.എസ് അക്കൗണ്ടന്റ് | 118030105386 /02.02.2019 |
| | | 1250 | അജിത്.പി.വി, ഓവർസിയർ,എൽ.എസ്.ജി.ഡി | 117030105069/ 24.04.18 |
| | | 5454 | പോസ്ററ് ഓഫീസ്, നെച്ചൂർ,തൊഴിൽ നികുതി ഫുൾ ഇയർ | 118030105483/ 7.02.19 |
| | | 450 | പോസ്ററ് ഓഫീസ്,വാവുള്ള്യപുരം,തൊഴിൽ നികുതി | 118030102623/ 25.09.18 |
| | | 600 | പോസ്ററ് ഓഫീസ് വാവുള്ള്യപുരം,തൊഴിൽ നികുതി | 118030102624/ 25.09.18 |
| | | 9750 | ശിശുമന്ദിരം ജീവനക്കാരുടെ തൊഴിൽ നികുതി | 117030105227/ 28.02.19 |
| | 2-4(സി) | 2500 | അബ്ദുൾ റഹ്മാൻ.സി, PWD കോൺട്രാക്ടർ, തൊഴിൽ നികുതി | 118030106316/ 19.03.19 |
| | | 2500 | എ.എൻ.സുരേഷ് കുമാർ, PWDകോൺട്രാക്ടർ, തൊഴിൽ നികുതി | 118030106308/ 18.03.19 |
| | | 2500 | മുഹമ്മദ് കുഞ്ഞ്, PWD കോൺട്രാക്ടർ, തൊഴിൽ നികുതി | 118030105905/ 27.02.19 |
| | | 2500 | ചെന്താമരക്കണ്ണൻ,PWD കോൺട്രാക്ടർ, തൊഴിൽ നികുതി | 118030106191/ 13.03.19 |
| | | 2500 | രമേഷ് കുമാർ,PWD കോൺട്രാക്ടർ, തൊഴിൽ നികുതി | 118030105729 /19.02.19 |
| | | 2500 | പ്രദാപ് കുമാർ,PWD കോൺട്രാക്ടർ, തൊഴിൽ നികുതി | 118030105892/ 27.02.19 |
| | | 2500 | എൻ.ഹക്കീം,PWD കോൺട്രാക്ടർ, തൊഴിൽ നികുതി | 118030105324/ 30.01.19 |
| | | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| | | 2500 | കെ.സി.തങ്കപ്പൻ,PWD കോൺട്രാക്ടർ, തൊഴിൽ നികുതി | 118030106346/ 30.03.19 |
| | | 2500 | എ.വി.സച്ചിദാനന്ദൻ,PWD കോൺട്രാക്ടർ, തൊഴിൽ നികുതി | 118030105904/ 27.02.19 |
| | | 64681 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | Special Report | 2014-15 | 5.7.6 | മൃഗസംരക്ഷണവും ക്ഷീര വികസനവും | സമിതി പരിഗണിച്ചിട്ടില്ല |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹83972339.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹82346954.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹65033 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗികപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | ചാർജ്ജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഭാഗം-1 പ്രകാരമുള്ള നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-16 | 4622 | ദിലീപ് വർമ്മ<br>അസി. എഞ്ചിനീയർ |
| 1-17 | 34000 | 13750 – ദിലീപ് വർമ്മ<br>അസി. എഞ്ചിനീയർ<br>20250 – വിനീത അശോകൻ<br>അസി. എഞ്ചിനീയർ |
| 1-19 | 12000 | ദിലീപ് വർമ്മ<br>അസി. എഞ്ചിനീയർ |
| 1-24 | 14411 | സുബ്രഹ്മണ്യൻ. എസ്.<br>സെക്രട്ടറി |
| ആകെ | 65033 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഒന്നുമില്ല.

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദിലീപ് വർമ്മ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, | മഠത്തിൽ കോവിലകം,. |

| | | |
|---|---|---|
| | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | കോനത്ത്കുന്ന് പി.ഓ.,<br>ഇരിങ്ങാലക്കുട,<br>തൃശ്ശൂർ |
| വിനീത അശോകൻ<br>അസി. എഞ്ചിനീയർ | ലീവിൽ തുടരുന്നു | ലഭ്യമല്ല |
| അനൂപ് ആനന്ദ്<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>തരൂർ ഗ്രാമപഞ്ചായത്ത് | കൈതക്കാടൻ ഹൗസ്,<br>പൂലാനി,<br>മേലൂർ,<br>തൃശ്ശൂർ -680311 |
| സുബ്രഹ്മണ്യൻ.എസ്.<br>സെക്രട്ടറി | റിട്ടയേർഡ് | ഭാമ നിവാസ്<br>അത്തിപ്പൊറ്റ<br>പഴമ്പാലക്കോട്<br>പാലക്കാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.പി10-34/03/ 13-2-03 | നഷ്ടം ഈടാക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കത്ത്. |
| 1998-99 | എൽ.എഫ്.പി10-210/02/ 19-3-02 | ഫർദർ റിമാർക്സ് |
| 1999-2000 | എൽ.എഫ്.പി10-211/02/ 17-3-02 | സർചാർജ്ജ് ശുപാർശ |
| 2000-01 | എൽ.എഫ്.പി10-203/05/ 7-10-06 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി10-167/08/ 17-04-09 | ഫർദർ റിമാർക്സ് |
| 2002-03 | എൽ.എഫ്.പി10-1091/09/ 21-07-10 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ്.പി10-1092/09/ 19-07-10 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.പി10-1093/09/ 19-07-10 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി10-1094/09/ 16-01-11 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി10-1692/11/ 23-11-12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി10-1091/11(1)/ 23-11-12 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി10-1091/11(2)/ 23-11-12 | ഫർദർ റിമാർക്സ് |
| 2009-10 & 2010-11 | എൽ.എഫ്.പി10-1774/13/ 23-11-13 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി10-2173/14/ 5-3-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി10-852/15/ 3-6-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 &2014-15 | കെ.എസ്.എ. പി.കെ.ഡി. 10/1366/16/28-7-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ. പി.കെ.ഡി. 10/27/2017/30-12-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ. പി.കെ.ഡി.10/1896/2017 തിയതി 02.11.2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ-പികെഡി.10-191/2019 തീയതി 12.02.2019 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-21/997/2019(72)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലി നായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് ഏണസ്റ്റ് മണി ഡെപ്പോസിറ്റ് തുക രേഖപ്പെടുത്തിയിട്ടില്ല.
2. കാലാവധി കഴിഞ്ഞ ചെക്കുകൾ stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
4. വാർഷിക കണക്കിലെ ബി 14 ഷെഡ്യൂൾ പ്രകാരം സ്റ്റോക്ക് വാല്യൂ ആയി 153170/-രൂപ രേഖപ്പെടുത്തിയതിന് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD21/997/2019(72)

Kerala State Audit Department

District Audit Office

Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Audit Certificate

Certified that I have examined the Annual Financial Statement of Taur Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Tarur Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

## Abstract Defects/Discrepancies

1. Contractors Earnest Money deposit amount not recorded in Deposit Register.
2. Stale cheques were not accounted under the Head " Stale cheques".
3. Asset register is not updated. Linking of Sachithra and Sankhya is not completed and hence the correctness of asset value could not be verified.
4. Stock Register not produced for verification of stock value of 1,53,170/- ( B-14 schedule of AFS)

Deputy Director

# അനുബന്ധം - 2 വിവിധ പത്രികകൾ

| Tarur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 2968475.91 |
| Cash | Cash | RP-40(a) | 163572.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 630720.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5835.00 |
| 140000000 | Fees & User Charges | RP-4 | 559695.00 |
| 150000000 | Sale & Hire Charges | RP-5 | 108117.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54453679.00 |
| 171000000 | Interest Earned | RP-9 | 109681.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10141520.00 |
| 350000000 | Other Liabilities | RP-36 | 85119.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 116359.00 |
| 330000000 | Secured Loans | RP-32 | 12247119.00 |
| 340000000 | Deposits Received | RP-34 | 16930.00 |
| 350000000 | Other Liabilities | RP-36 | 133085.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4607390.00 |
| 460000000 | Loans, Advances and Deposits | RP-47 | 757090.00 |
| | Grand total | | 87104386.91 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3781519.00 |
| 220000000 | Administrative Expenses | RP-12 | 1229230.00 |
| | | | |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 3301800.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9756180.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27325703.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3574030.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1694199.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 66720.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 10180277.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 13804.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1631819.00 |
| 350000000 | Other Liabilities | RP-36 | 4661157.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3176.00 |
| 340000000 | Deposits Received | RP-34 | 45695.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 1520041.00 |
| 410000000 | Fixed Assets | RP-38 | 6810654.00 |
| 412000000 | Capital work in Progress | RP-40 | 4560823.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1690127.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 4673195.91 |
| Cash | Cash | RP-40(b) | 84237.00 |
| | Grand Total | | 87104386.91 |

| Tarur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2515021.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 25145.00 |
| 140000000 | Fee & User Charges | I-4(b) | 1273960.00 |
| 150000000 | Sale & Hire Charges | I-5(b) | 108117.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 170921969.00 |
| 171000000 | Interest Earned | I-8 | 109681.00 |
| 180000000 | Other Income | I-9 | 116359.00 |
| | Total Income | | 175070252.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10020629.00 |
| 220000000 | Administrative Expenses | I-11(b) | 1229230.00 |
| 230000000 | Operations & Maintenance | I-12(b) | 3353901.00 |
| 240000000 | Interest & Finance Charges | I-13 | 3176.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9756180.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 75747071.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3590211.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1694199.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 48641020.00 |
| 255000000 | Maintenance Projects | I-14(e) | 10180277.00 |
| 256000000 | Other Revenue Grants and Funds - | I-15(a) | 13804.00 |

| | | | |
|---|---|---|---|
| | Revenue Expenses | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 3997529.00 |
| | Total Expenditure | | 168727227.00 |
| | Gross Surplus/ Deficit of income over Expenditure | | 6343025.00 |
| 280000000 | Prior Period Item | I-18 | -53361.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6396386.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Tarur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 13371217.97 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1700.00 |
| 312000000 | Reserves | B-3 | 49697388.00 |
| | Total Reserve & Surplus | | 63070305.97 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3724934.00 |
| | Total Grants, Contributions for Specific Purposes | | 3724934.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12247119.00 |
| | Total Loans | | 12247119.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 209933.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 683786.94 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 893719.94 |
| | TOTAL LIABILITIES | | 79936078.91 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 61809058.00 |
| 411000000 | Accumulated Depreciation | B-11 | -6000610.00 |
| 412000000 | Capital Work in Progress | B-11(a) | 4348469.00 |
| | Total Fixed Assets | | 60156917.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 153170.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1566494.00 |
| 440000000 | Pre-paid Expenses | B-16 | 12247119.00 |
| 450000000 | Cash and Bank Balance | B-17 | 4757432.91 |
| 460000000 | Loans, Advances and Deposits | B-18 | 1054946.00 |